# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1781 — 11.02.2013-ലെ മറുപടിക്ക്

## 2012-13 ലെ വർഷത്തിൽ പദ്ധതി നിർവ്വഹണത്തിനനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

എ) 2012 - 13 സാമ്പത്തിക വർഷത്തിൽ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനായി, എത്ര തുകയാണ് അനുവദി ച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ ;

എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

| സ്രോതസ്സ് | ക്യാരി ഓവർ വിഹിതം | ബഡ്ജറ്റ് വിഹിതം | ആകെ അടങ്കൽ |
|---|---|---|---|
| വികസന ഫണ്ട് | 80433.54 | 304726.69 | 385160.23 |
| മെയിന്റനൻസ് ഗ്രാന്റ് | | | |
| i) നോൺ റോഡ് | 9655.32 | 42212.83 | 51868.15 |
| ii)റോഡ് | 13691.14 | 84719.22 | 98410.36 |

ബി) ഇതിൽ, എത്ര തുകയാണ് 2013 ജനുവരി 31 വരെ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് കൈകാര്യം ചെയ്യുന്നതിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയർ വഴി നിർവ്വഹണ ഉദ്യോഗസ്ഥർ ഓരോ പ്രോജക്ടിനും ട്രഷറിയിൽ നിന്ന് പിൻവലിയ്ക്കുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയറിൽ ലഭ്യമായ കണക്കു ചുവടെ ചേർക്കുന്നു. (ഇത് അപൂർണ്ണമാണ്)

തുക ലക്ഷത്തിൽ

| സ്രോതസ്സ് | ചെലവ് |
|---|---|
| വികസന ഫണ്ട് | 17204.27 |
| മെയിന്റനൻസ് ഗ്രാന്റ് | |
| i)റോഡ് | 721.71 |
| ii) നോൺ റോഡ് | 839.88 |
| മറ്റുള്ളവ | 1169.54 |
| ആകെ ചെലവ് | 19935.40 |

സി) 2012 - 13 സാമ്പത്തിക വർഷത്തെ പദ്ധതി പ്രോജക്ടുകൾക്ക് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ടോ ; എത്ര സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളാണ് അംഗീകരിച്ചത് ; അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണവും അടങ്കൽ തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ ;

സി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ 1208 തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പദ്ധതി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 181969 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ അടങ്കൽ തുക സ്രോതസ്സ് തിരിച്ച് ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

| സ്രോതസ്സ് | ചെലവ് |
|---|---|
| വികസന ഫണ്ട് | 377487.11 |
| മെയിന്റനൻസ് ഗ്രാന്റ് | 125134.90 |
| മറ്റുള്ളവ | 317299.81 |
| ആകെ അടങ്കൽ | 819921.82 |

ഡി) ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇനിയും പ്രോജക്ടുകൾ സമർപ്പിച്ചിട്ടില്ലാത്തതെന്ന് വ്യക്തമാക്കുമോ ; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

ഡി) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമ പഞ്ചായത്താണ് പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലാത്തത്.

ഇ) അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ, പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രോജക്ടുകളുടെ എണ്ണവും അടങ്കൽ തുകയും എത്രയാണെന്ന് വിശദമാക്കുമോ ?

ഇ) അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തുക ലക്ഷത്തിൽ

| വിഭാഗം | പ്രോജക്ട് നമ്പർ | തുക |
|---|---|---|
| പട്ടികജാതി വിഭാഗം | 27068 | 103305.81 |
| പട്ടികവർഗ്ഗ വിഭാഗം | 4646 | 15537.44 |

സെക്ഷൻ ഓഫീസർ